Ratio of Poverty

371. [555] **Shri Stephen Padua** : will the Chief Minister be pleased to State :

The ratio of poverty in the State ?

Answer

The Central Statistical Organisation has provisionally estimated the ratio of poverty in the State as 26.8% for 1983-84 based on NSS household consumer expenditure survey of 38th Round (January 1983 to December 1983).

ജോൺപോൾ മാർപ്പാപ്പയുടെ കേരള സന്ദർശനം

372. [556] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കേരളത്തിൽ എന്നു വന്നു ; എന്നു പോയി ;

(ബി) മാർപ്പാപ്പായെ അനുഗമിക്കുന്നതിനായി മുഖ്യമന്ത്രിക്ക് മാത്രം എല്ലാവിധ യാത്രാച്ചെലവുകൾക്കുമായി ഖജനാവിൽനിന്ന് എന്തു ചെലവായി ;

(സി) ഇതിൽ ഹെലികോപ്ടർ വാടക എത്ര ; ടി. എ., ഡി. എ. എത്ര ;

(ഡി) വിമാനയാത്രാച്ചെലവ് എത്ര ?

ഉത്തരം

(എ) 7-2-1986-ൽ വന്നു. 9-2-1986-ൽ പോയി.

(ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

മാർപ്പാപ്പയുടെ സന്ദർശനം പ്രമാണിച്ച് ഉണ്ടായ ചെലവുകളുടെ ഇനംതിരിച്ചുള്ള കണക്ക്

373. [558] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ കേരള സന്ദർശനം പ്രമാണിച്ച് ഏതെല്ലാം ഇനത്തിൽ ചെലവുകൾ വഹിക്കേണ്ടിവന്നു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ സന്ദർശനത്തോടനുബന്ധിച്ച് യാത്രസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സുരക്ഷിതത്വത്തിനുള്ള ഏർപ്പാടുകൾ ചെയ്യുക, വിമാനത്താവളത്തിൽ ഔദ്യോഗിക സ്വീകരണം, യാത്രയയപ്പ് മുതലായ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കേണ്ടിവന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly